# അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ പ. പരുമല തിരുമേനിക്കയച്ച ഒരു കത്ത്

ഗോവ
സെപ്തംബർ 1893

മലബാറിൽ നിന്നു മേയി 28-ന് ഞാൻ പുറപ്പെട്ടു ജൂൺ 7-ന് ഞാൻ ഇവിടെ എത്തി. ഇവിടെ എത്തിയതിൽ എന്റെ കുടുംബത്തിൽ ഉള്ള 5 ആളുകൾ മരിച്ച സംഗതിയെക്കുറിച്ച് അറിഞ്ഞതിൽ വളരെ വ്യസനിക്കുന്നു. രണ്ടു സഹോദരിമാരും ഒരു സഹോദരപുത്രനും ഒരു സഹോദര പുത്രിയും ഒരു പേരപ്പനും തന്നെ. ഈ ദുഃഖത്തിൽ മുഴുകിയിരിക്കുമ്പോൾ സവാന്റുവാടി സംസ്ഥാനത്തെ ക്രിസ്ത്യാനികൾ വന്നു. അവരെപ്രതി അവരുടെ രാജ്യത്തേക്കു ഞാൻ ചെല്ലണമെന്നു അപേക്ഷിച്ചു. റോമാ അധികാരത്തോടു മുഷിഞ്ഞു അവർ അന്ത്യോഖ്യാ അധികാരത്തിനു കീഴ്പ്പെടുന്നതിനും പള്ളി എന്റെ കൈവശം ഭരമേൽപ്പിക്കുമാറും നിശ്ചയിച്ചു. വേണ്ട കരുതലോടു കൂടെ ഞാൻ അവിടെ എത്തി. റോമാ പാദ്രി വളരെ തടസ്സങ്ങൾ ഉണ്ടാക്കി. സർക്കാരിൽ അപേക്ഷിച്ച് അയാളുടെ കൈവശത്തെ നില നിർത്തി. അവിടെ ഞാൻ രണ്ടുമാസം താമസിക്കേണ്ടി വന്നു പോയി. വളരെ ക്ഷീണിച്ചു ഈ മാസം 7-ന് ഞാൻ മടങ്ങിഎത്തി. സാവന്റുവാടി സഭയിൽ 6000 ക്രിസ്ത്യാനികൾ ഉണ്ട്. ഈ പട്ടണത്തിൽ ഏകദേശം 1000 ഉണ്ട്. അതിൽ 600-ൽ ചില്വാനം നമ്മുടെ ഭാഗത്തും 300-ൽ ചില്വാനം റോമാ ഭാഗത്തുമാണ്. ആകെയുള്ളതിൽ 2000 റോമാ ഭാഗത്തും 4000 നമ്മുടെ ഭാഗത്തുമാണ്. കോർട്ടുവിധി കിട്ടുന്നതുവരെ നമ്മുടെ ജനം തല്ക്കാലത്തേയ്ക്കു പള്ളികൾ കെട്ടിയിട്ടുമുണ്ട്. ഈ പുതിയ സഭയെ ദൈവം അനുഗ്രഹിക്കുന്നതിനു നിങ്ങളും അപേക്ഷിക്കണം ഇതിനാൽ എഴുത്തുകൾ അയപ്പാൻ താമസിച്ചതാണ്. കൊളമ്പു ഹൈക്കോർട്ടിൽ മന്നാർ പള്ളിക്കേസു വിധിച്ചു. നമ്മുടെ ലുവിസസോ ആറസു അച്ചൻ പള്ളി ഭരമേല്ക്കയും ചെയ്തു. അവിടെ കഴിഞ്ഞ ചിങ്ങത്തിൽ കന്യാസ്ത്രീ അമ്മയുടെ വാങ്ങിപ്പിന്റെ പെരുന്നാൾ ഘോഷിക്കുകയും ചെയ്തു. ഇപ്പോൾ ഞാൻ എന്റെ അച്ചടി പ്രസു ശരിയാക്കി വരുന്നു.

വിശുദ്ധ പാത്രിയർക്കീസു ബാവാ അയച്ചുതന്നിട്ടുള്ള എന്റെ സ്ഥാത്തിക്കോൻ ഇതേവരെ കിട്ടിയില്ല. വന്ദ്യ സഹോദരൻ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ അതു അയയ്ക്കുമെന്നു വാഗ്ദത്തം ചെയ്തിട്ടുണ്ട്. അയക്കാതെ ഇരിക്കുന്നതു എന്റെ മേൽവിലാസം അറിയായ്കകൊണ്ടായിരിക്കാം. അത് അദ്ദേഹം വേഗം അയച്ചുതരുവാൻ നിങ്ങൾ ഉത്സാഹിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. അതു വായിച്ചു കാണ്മാൻ ഞാൻ വളരെ വാഞ്ചിക്കുന്നു. എന്റെ സഭയേയും എന്നെയും കുറിച്ചു നിങ്ങൾ പ്രാർത്ഥിക്കണം. എനിക്കു എഴുത്തയക്കുമാറാകണം. നമ്മുടെ പട്ടക്കാർക്കും ജനങ്ങൾക്കും ഒക്കെ എന്റെ വന്ദനം. വിശുദ്ധ ചുംബനത്തോടു ഞാൻ നിർത്തുന്നു.

അൽവാറീസ് മാർ യൂലിയോസ് (ഒപ്പ്)

(1894 മീനം ലക്കം 'ഇടവകപത്രിക'യിൽ നിന്നും. സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)